2024
JULY
08
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അഞ്ച് ബാങ്കുകൾക്ക് റിസർവ് ബാങ്ക് പിഴ ചുമത്തി

**ന്യൂഡൽഹി:** പഞ്ചാബ് നാഷണൽ ബാങ്കിനും (പിഎൻബി) മറ്റ് നാല് ബാങ്കുകൾക്കും വിവിധ നിർദേശങ്ങൾ പാലിക്കാത്തതിന് റിസർവ് ബാങ്ക് ഒഫ് ഇന്ത്യ (ആർബിഐ) പിഴ ചുമത്തി. പിഎൻബിക്ക് 1.31 കോടി രൂപയാണ് പിഴ ചുമത്തിയത്. ഗുജറാത്ത് രാജ്യ കർമ്മചാരി സഹകരണ ബാങ്ക്, രോഹിക സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്ക് മധുബനി ബിഹാർ, നാഷണൽ കോഓപ്പറേറ്റീവ് ബാങ്ക് മുംബൈ മഹാരാഷ്ട്ര, ബാങ്ക് എംപ്ലോയീസ് കോഓപ്പറേറ്റീവ് ബാങ്ക് പശ്ചിമ ബംഗാൾ എന്നിവയാണ് ആർബിഐ പിഴ ചുമത്തിയ മറ്റു നാല് ബാങ്കുകൾ. വായ്പ, കെവൈസി ചട്ട ലംഘനം മുൻനിർത്തിയാണ് പിഴ.




പിഎൻബിയുടെ വിശദീകരണം ആർബിഐ തള്ളി. 2022 മാർച്ച് 31ന് ബാങ്കിൻറെ സാമ്പത്തിക സ്ഥിതിയിൽ ആർബിഐയുടെ മേൽനോട്ട മൂല്യനിർണയ സമിതി പരിശോധന നടത്തിയിരുന്നു. ആർബിഐ നിർദേശങ്ങൾ പാലിക്കാത്തതിന് പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാങ്കിന് നോട്ടീസ് നൽകി. നിർദേശങ്ങൾ പാലിക്കുന്നത് പരാജയപ്പെട്ടതിൽ എന്തുകൊണ്ട് പിഴ ചുമത്തരുത് എന്നതിന് കാരണം കാണിക്കാൻ ആർബിഐ ആവശ്യപ്പെട്ടിരുന്നു. നോട്ടീസിനുള്ള പിഎൻബിയുടെ മറുപടിയും നേരിട്ട് ഹാജരായി നൽകിയ വാക്കാലുള്ള വിശദീകരണങ്ങളും പരിഗണിച്ച ശേഷം ബാങ്കിനെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതാണെന്ന് കണ്ടെത്തുകയായിരുന്നു.രണ്ട് സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകൾക്ക് സബ്സിഡികൾ/ റീഫണ്ടുകൾ/ റീഇംബേഴ്സ്മെൻറുകൾ എന്നിവ വഴി സർക്കാരിൽ നിന്ന് ലഭിക്കേണ്ട തുകയെ അടിസ്ഥാനമാക്കി പ്രവർത്തന മൂലധന ലോണുകൾ പഞ്ചാബ് നാഷണൽ ബാങ്ക് നൽകിയിരുന്നു. ഇത് ആർബിഐ നിർദേശങ്ങളുടെ ലംഘനമാണെന്നാണ് കണ്ടെത്തൽ. ചില അക്കൗണ്ടുകളിൽ ബിസിനസ് സംബന്ധമായി സമർപ്പിച്ച ഉപയോക്താക്കളുടെ വിലാസങ്ങളും തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട രേഖകളും സംരക്ഷിക്കുന്നതിലും പിഎൻബി വീഴ്ച വരുത്തിയിരുന്നു.

## നീറ്റ് ക്രമക്കേട്; ഹർജികൾ സുപ്രീംകോടതി ഇന്ന് പരിഗണിക്കും

**ന്യൂഡൽഹി:** ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷ (നീറ്റ് യുജി)യുമായി ബന്ധപ്പെട്ട ഹർജികൾ സുപ്രീംകോടതി ഇന്ന് പരിഗണിക്കും. ചീഫ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റീസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങുന്ന മൂന്നംഗ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്. ചോദ്യപേപ്പർ ചോർച്ച, പരീക്ഷ റദ്ദാക്കണമെന്ന ആവശ്യം, നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻടിഎ) യുടെ പ്രവർത്തനം തുടങ്ങിവയുമായി ബന്ധപ്പെട്ട് 26 ഹർജികളാണ് കോടതിയുടെ മുന്നിലുള്ളത്.



കഴിഞ്ഞ ആറിനു നടത്താനിരുന്ന മെഡിക്കൽ പ്രവേശനത്തിനുള്ള കൗൺസലിംഗ് നടപടികൾ മാറ്റിവച്ചിരിക്കുകയാണ്. കോടതിയുടെ നിർദേശപ്രകാരമായിരിക്കും ഇനി പ്രവേശനനടപടികൾ ആരംഭിക്കുകയെന്ന് ആരോഗ്യമന്ത്രാലയം വ്യക്തമാക്കിയിരുന്നു.

1564 വിദ്യാർഥികൾക്കാണ് നീറ്റ് പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ചത്. ഇതു റദ്ദാക്കുന്നതായി എൻടിഎ ജൂൺ 13ന് സുപ്രീംകോടതിയിൽ അറിയിച്ചിരുന്നു. ഈ വിദ്യാർഥികൾക്ക് പുനഃപരീക്ഷ നടത്തുമെന്നും എൻടിഎ അന്ന് കോടതിയിൽ വ്യക്തമാക്കി. അതിനാൽ ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ട എല്ലാ ഹർജികളും തീർപ്പാക്കിയതായി സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. അതേസമയം മറ്റു ഹർജികൾ ജൂലൈ എട്ടിലേക്കു മാറ്റുന്നതായി സുപ്രീംകോടതിയുടെ അവധിക്കാല ബെഞ്ച് വ്യക്തമാക്കിയിരുന്നു. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് വിവിധ ഹൈക്കോടതികളിലുള്ള കേസുകൾ സുപ്രീംകോടതിയിലേക്കു മാറ്റാനും സുപ്രീംകോടതി നിർദേശിച്ചു.

ചോദ്യപേപ്പർ ചോർച്ചയ്ക്കു പിന്നാലെ പരീക്ഷ റദ്ദാക്കണമെന്നും വീണ്ടും നടത്തണമെന്നുമുള്ള ആവശ്യവുമായി നിരവധി പേരാണു കോടതിയെ സമീപിച്ചത്. എന്നാൽ കൗൺസലിംഗ് നടക്കട്ടേയെന്നായിരുന്നു സർക്കാരിൻറെയും എൻടിഎയുടെയും കോടതിയിലെ നിലപാട്. തുടർന്ന് വിദ്യാർഥികളുടെ ഭാവി കണക്കിലെടുത്ത് കൗൺസലിംഗ് മാറ്റാനാകില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കുകയായിരുന്നു.

എന്നാൽ വ്യാപകമായി ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തതു ചൂണ്ടിക്കാട്ടി സമർപ്പിച്ച ഹർജിയിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്കും കേന്ദ്രത്തിനും മറ്റുള്ളവർക്കും സുപ്രീംകോടതി നോട്ടീസ് അയച്ചിരുന്നു. ജൂലൈ ആറിന് ആരംഭിക്കേണ്ടിയിരുന്ന കൗൺസലിംഗ് നടപടികൾ ആരംഭിക്കാതിരുന്നത് മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തതോടെ ഔദ്യോഗികമായി തീയതി പ്രഖ്യാപിച്ചിരുന്നില്ല എന്നു ചൂണ്ടിക്കാട്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം രംഗത്തുവന്നു.ഈ ദിവസം കൗൺസലിംഗ് നടപടികൾ ആരംഭിക്കുമെന്നുള്ളത് അഭ്യൂഹങ്ങൾ മാത്രമായിരുന്നു എന്നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻറെ വിശദീകരണം. എംബിബിഎസ്, ബിഡിഎസ്, ആയുഷ് തുടങ്ങിയ വിഭാഗങ്ങളിലേക്കുള്ള പ്രവേശനത്തിനായുള്ള കൗൺസലിംഗാണ് നിലവിൽ തടസപ്പെട്ടിരിക്കുന്നത്.ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ബിഹാർ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് നിരവധിപ്പേരെ സിബിഐ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് അന്വേഷണം പുരോഗമിക്കുകയാണ്.

# ഫ്രാൻസിൽ ഇടതു സഖ്യം അധികാരത്തിലേക്കെന്ന് സൂചന

## സർക്കാർ രൂപീകരിക്കുമെന്ന് നേതാക്കൾ

**പാരീസ്:** ഫ്രാൻസിൽ നടന്ന പാർലമെൻറ് തെരഞ്ഞെടുപ്പിൽ ഇടതു സഖ്യം ഒന്നാമതെന്ന് സൂചന. സർക്കാർ രൂപീകരിക്കാൻ സാധിക്കുമെന്ന് ഇടതു നേതാക്കൾ അവകാശപ്പെട്ടു. രണ്ടാം ഘട്ടത്തിലെ ഫലസൂചനകൾ പ്രകാരം ഫ്രാൻസിൽ ഇടതുപക്ഷം ഏറ്റവും വലിയ മുന്നണി ആകുമെന്നാണ് വ്യക്തമാകുന്നത്.

ഇമ്മാനുവൽ മാക്രോണിൻെറ മധ്യപക്ഷ പാർട്ടിയാണ് രണ്ടാം സ്ഥാനത്ത്. തീവ്ര വലതുപക്ഷ പാർട്ടിയായ നാഷണൽ റാലി മൂന്നാം സ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടു. ഒരു പാർട്ടിക്കും കേവല ഭൂരിപക്ഷം ഇല്ലാത്ത സാഹചര്യത്തിൽ കൂട്ടുകക്ഷി മന്ത്രിസഭ ആയിരിക്കും ഫ്രാൻസിൽ അധികാരത്തിൽ എത്തുക.

ഇടതുപക്ഷത്തിന് 172 മുതൽ 192 വരേ സീറ്റുകൾ ലഭിക്കുമെന്നാണ് വ്യക്തമാകുന്നത്.



മക്രോണിൻറെ മധ്യപക്ഷ പാർട്ടിക്കാകട്ടെ 150 മുതൽ 170 സീറ്റുകൾ ലഭിക്കുമെന്നാണ് സൂചന.

നാഷണൽ റാലി അധികാരത്തിലെത്തുമെന്നായിരുന്നു സർവേ ഫലങ്ങൾ. ഇടത്-തീവ്രമുസ്ലീം അവിശുദ്ധ സഖ്യമാണ് പരാജയത്തിന് കാരണമെന്ന് നാഷണൽ റാലി നേതാക്കൾ പ്രതികരിച്ചു.

ഫലസൂചനകൾ വന്നതിന് പിന്നാലെ പാരീസിൽ സംഘർഷം ഉണ്ടായതായി റിപ്പോർട്ടുണ്ട്.

## അദാനി ഗ്രൂപ്പ് തകർക്കാൻ ഹിൻഡൻബർഗ് റിപ്പോർട്ട് മറ്റൊരു കമ്പനിയുമായി പങ്കിട്ടു: സെബി

**ന്യൂഡൽഹി:** യുഎസ് ഷോർട്ട് സെല്ലറായ ഹിൻഡൻബർഗ് റിസർച്ച്, അദാനി ഗ്രൂപ്പിനെതിരെ സമർപ്പിച്ച റിപ്പോർട്ടിന്റെ മുൻകൂർ പകർപ്പ് പ്രസിദ്ധീകരണത്തിനു 2 മാസം മുൻപ് ന്യൂയോർക്ക് ആസ്ഥാനമായുള്ള ഹെഡ്ജ് ഫണ്ട് മാനേജർ മാർക്ക് കിംഗ്ഡണുമായി പങ്കുവച്ചിരുന്നതായി സെബി ആരോപിച്ചു. സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) ഹിൻഡൻബർഗിന് നൽകിയ 46 പേജുള്ള കാരണം കാണിക്കൽ നോട്ടിസിലാണ് ആരോപണം.

അദാനിക്കെതിരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചശേഷം അതേ റിപ്പോർട്ടിൽ ലിസ്റ്റുചെയ്യപ്പെട്ട അദാനി ഗ്രൂപ്പിന്റെ 10 സ്ഥാപനങ്ങളുടെ 150 ബില്യൻ ഡോളറിലധികം വിപണിമൂല്യം വരുന്ന റൂട്ടുകളിൽ നിന്നും ഇതേ കമ്പനി ലാഭമുണ്ടാക്കിയെന്നും സെബി പറയുന്നു. യുഎസ് ഷോർട്ട് സെല്ലറായ ന്യൂയോർക്ക് ഹെഡ്ജ് ഫണ്ടും കൊട്ടക് മഹീന്ദ്ര ബാങ്കുമായി ബന്ധമുള്ള ഒരു ബ്രോക്കറുമാണ് ഹിൻഡൻബർഗ് റിസർച്ച് റിപ്പോർട്ട് ഉപയോഗിച്ച് ലാഭമുണ്ടാക്കിയത്. അദാനി ഗ്രൂപ്പുമായി ബന്ധപ്പെട്ട് 12 സംശയകരമായ ഇടപാടുകൾ ഉണ്ടെന്നായിരുന്നു ഹിൻഡൻബർഗ് റിപ്പോർട്ടിൽ പറഞ്ഞിരുന്നത്.



Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com




# ഇന്ത്യൻ വിപണിയിൽ സാന്നിധ്യം ശക്തമാക്കാൻ ഹിസെൻസ്

**ന്യൂഡൽഹി:** പ്രമുഖ ആഗോള ഉപഭോക്തൃ ഇലക്ട്രോണിക്സ്,അപ്ലയൻസ് നിർമ്മാതാക്കളായ ഹിസെൻസ്, ഇന്ത്യൻ വിപണിയിൽ തങ്ങളുടെ സാന്നിധ്യം വിപുലീകരിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പ്രഖ്യാപിച്ചു. ഈ വിപുലീകരണ പദ്ധതിയിൽ അതിന്റെ റീട്ടെയിൽ ശൃംഖലയുടെകാര്യമായ വർദ്ധനയും ടെലിവിഷനുകളും എയർ കണ്ടീഷണറുകളും ഉൾപ്പെടെയുള്ള ഉയർന്ന തലത്തിലുള്ള ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണി അവതരിപ്പിക്കുന്നതും ഉൾപ്പെടുന്നു. ഇന്ത്യ ഞങ്ങൾക്ക് പ്രധാനമായ വിപണിയാണെന്ന് ഹിസെൻസ് ഇന്ത്യയുടെ സിഇഒ പങ്കജ് റാണ പറഞ്ഞു. ദക്ഷിണേന്ത്യയിൽ തുടങ്ങി, ഗണ്യമായ വിപണി വിഹിതം പിടിച്ചെടുക്കാൻ ലക്ഷ്യമിട്ടുള്ള അതിമോഹമായ ചാനൽ വിപുലീകരണ പദ്ധതികൾ ഞങ്ങൾക്കുണ്ട്. തന്ത്രപരമായ സംരംഭങ്ങൾക്ക് പുറമേ, 2024 ടിവി മോഡലുകളുടെ ഒരു പുതിയലൈനപ്പ് അവതരിപ്പിക്കാൻ ഹിസെൻസ് ഒരുങ്ങുന്നു. ടിവിയും ഓഫ്‌ലൈൻ ചാനൽ വിപുലീകരണത്തിനായുള്ള 15 എക്സ്ക്ലൂസീവ് ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നു.




# പിപിഎസ് മോട്ടോഴ്സിന് ചരിത്രം നേട്ടം

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഓട്ടോമൊബൈൽ കമ്പനികളിലൊന്നായ പിപിഎസ് മോട്ടോഴ്സ് ഇന്ത്യയിൽ 40,000 ഫോക്സ്വാഗൺ വാഹനങ്ങൾ വിറ്റഴിച്ച് ചരിത്രനേട്ടം സ്വന്തമാക്കി. ഇത്രയും കൂടുതൽ ഫോക്സ്വാഗൺ വാഹനങ്ങൾ വില്പന നടത്തുന്ന രാജ്യത്തെ ആദ്യത്തെ മൾട്ടിസ്റ്റേറ്റ് ഡീലറെന്ന ഖ്യാതിയാണ് പിപിഎസ് മോട്ടോഴ്സ് നേടിയത്. തെലങ്കാന, ആന്ധ്രപ്രദേശ്, കർണാടക, പശ്ചിമ ബംഗാൾ, അസം എന്നീ 5 സംസ്ഥാനങ്ങളിലായി 33 ടച്ച് പോയിൻറുകൾ പിപിഎസ് മോട്ടോഴ്സിനുണ്ട്.

# അമീബിക് മസ്തിഷ്ക ജ്വരം: ജലാശയങ്ങളിൽ ഇറങ്ങുമ്പോൾ ജാഗ്രത പാലിക്കണം

**തിരുവനന്തപുരം:** അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ യോഗം ചേർന്നു. വൃത്തിഹീനമായ ജലാശയങ്ങളിൽ കുളിക്കാൻ ഇറങ്ങരുതെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സ്വിമ്മിംഗ് പൂളുകൾ നന്നായി ക്ലോറിനേറ്റ് ചെയ്യണം. കുട്ടികളെയാലാണ് ഈ അസുഖം കൂടുതലായി ബാധിക്കുന്നതായി കാണുന്നത്. അതിനാൽ കുട്ടികൾ ജലാശയങ്ങളിൽ ഇറങ്ങുമ്പോൾ ജാഗ്രത പാലിക്കണം. സ്വിമ്മിംഗ് നോസ് ക്ലിപ്പുകൾ ഉപയോഗിക്കുന്നതും രോഗം ബാധിക്കാതിരിക്കാൻ സഹായകമാകും. ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജ്, ചീഫ് സെക്രട്ടി ഡോ. വേണു വി, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ ഖോബ്രഗഡെ, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഇ ശ്രീകുമാർ തുങ്ങിയവർ പങ്കെടുത്തു.



# മെഡിക്കൽ സ്ക്രൈബിങ്: യുഎസ് ഡോക്ടർമാർക്കൊപ്പം ഇന്റേൺഷിപ് അവസരമൊരുക്കി ലുമിനിസ്

**കൊച്ചി:** മെഡിക്കൽ സ്ക്രൈബിങ്ങിൽ പരിശീലനം നേടുമ്പോൾത്തന്നെ യുഎസ് ഡോക്ടർമാരോടൊപ്പം ഡോക്യുമെന്റേഷൻ അസിസ്റ്റന്റുമാരായി പ്രവർത്തിക്കാൻ അവസരം നൽകുന്ന ലൈവ് സ്ക്രൈബിങ് സൗകര്യമൊരുക്കി ലുമിനിസ് സ്കൂൾ ഓഫ് മെഡിക്കൽ സ്ക്രൈബിങ്. ഡോക്ടർ രോഗിയുമായി നടത്തുന്ന ആശയ വിനിമയങ്ങളെ ക്രോഡീകരിച്ച് മെഡിക്കൽ റിപ്പോർട്ട് തയ്യാറാക്കുന്ന മെഡിക്കൽ സ്ക്രൈബിങ് എന്ന തൊഴിൽ മേഖല സമീപകാലത്തായി ഒട്ടേറെ കേരളീയ വിദ്യാർഥികളെ ആകർഷിച്ചു വരുന്നതിനിടയിലാണ് ലുമിനിസ് ഈ സൗകര്യമൊരുക്കുന്നത്. വിവിധ അമേരിക്കൻ ഹോസ്പിറ്റലുളിലായി ന്യൂറോപ്പതി, ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, സൈക്കാട്രി, ഗൈനക്കോളജി, ഫാമിലി മെഡിസിൻ, ഇന്റേണൽ മെഡിസിൻ, ഡെർമറ്റോളജി, റേഡിയോളജി എന്നിങ്ങനെയുള്ള ഒൻപത് വിഭാഗങ്ങളിലെ ഡോക്ടർമാരുമായിച്ചേർന്ന് പരിശീലനം നേടാനുള്ള അവസരമാണ് ഇതിലൂടെ വിദ്യാർഥികൾക്ക് ലഭിക്കുക. യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓഫീസ് ജീനിയും ലുമിനിസും ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഇതനുസരിച്ച് കോഴ്സിന്റെ ഭാഗമായി മൂന്ന് മാസത്തെ ഇന്റേൺഷിപ് പ്രോഗ്രാമാണ് ലഭ്യമാക്കുക.

പഠന സമയത്തുതന്നെ പ്രവർത്തി പരിചയം നേടുന്നതിലൂടെ ലൈവ് ഡോക്ടർ ട്രെയിനിങ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് ഈ രംഗത്ത് കൂടുതൽ മികച്ച തൊഴിലവസരങ്ങൾ ലഭിക്കുമെന്ന് ഓഫീസ് ജീനി സൊല്യൂഷൻസ് മാനേജിങ് പാർട്ണർ പ്രശാന്ത് കൃഷ്ണ പറഞ്ഞു. മെഡിക്കൽ സ്ക്രൈബിങിന്റെ സാധ്യതകൾ കണക്കിലെടുത്ത് 2017ൽ മുതൽ പ്രവർത്തനരംഗത്തുള്ള ലുമിനിസ് ആറു വർഷത്തിനിടെ അറുന്നൂറിലധികം വിദ്യാർഥികൾക്ക് പ്ലേസ്മെന്റ് നൽകിക്കഴിഞ്ഞതായി ലുമിനിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ ട്രെയിനിങ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ അഖിൽ എം എസ് പറഞ്ഞു.

രാജ്യത്തെ രോഗികളുടെ വിവരങ്ങൾ ഒരു സ്മാർട്ട് കാർഡിലേക്ക് ക്രോഡീകരിക്കുന്ന വൺ നേഷൻ വൺ ഹെൽത്ത്കാർഡ് പദ്ധതി, ആരോഗ്യ ആപ്പ്, കേരളത്തിൽ സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ മെഡിസെപ് ഇൻഷുറൻസ് പദ്ധതി എന്നിവ ആരോഗ്യ മേഖലയിലെ ഡിജിറ്റൽവൽകരണത്തിലേക്കും മെഡിക്കൽ ഡോക്യുമെന്റേഷന്റെ പ്രാധാന്യത്തിലേക്കുമാണ് വിരൽ ചൂണ്ടുന്നതെന്നും ഇവർ ചൂണ്ടിക്കാണിച്ചു. മെഡിക്കൽ ഡോക്യുമെന്റേഷനിലെ പുതിയ ചുവടുവെപ്പായ മെഡിക്കൽ സ്ക്രൈബിങ് എന്ന തൊഴിൽ മേഖല ആരോഗ്യ രംഗത്തെ ഒഴിച്ചുകൂടാനാവാത്ത ഒന്നായി സമീപഭാവിയിൽ തന്നെ മാറും എന്ന സൂചനകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താ സമ്മേളനത്തിൽ ഓഫീസ് ജീനി സൊല്യൂഷൻസ് മാനേജിങ് പാർട്ണർ അതിക് ഉർ റഹ്മാൻ, ജനറൽ മാനേജർ ജവാദു ജമാലുദ്ധീൻ എന്നിവർ പങ്കെടുത്തു.



# വനിതാ സംരംഭകർക്ക് സാമ്പത്തിക അവബോധം വളർത്തൽ : ട്രാൻസ്യൂണിയൻ സിബിലിൻെറ സെഹേർ പ്രോഗ്രാം

**കൊച്ചി:** വനിതാ സംരംഭകർക്കിടയിലെ സാമ്പത്തിക അവബോധം വർധിപ്പിക്കാനായി ട്രാൻസ്യൂണിയൻ സിബിലും വിമൻ എൻറർപ്രണർഷിപ് പ്ലാറ്റ്ഫോമും സഹകരിച്ച് സെഹേർ പദ്ധതിക്കു തുടക്കം കുറിച്ചു. കൂടുതൽ വളർച്ചയ്ക്കും കൂടുതൽ തൊഴിലവസരങ്ങൾക്കും സാധ്യതയുണ്ടാക്കുന്ന വിധത്തിൽ സാമ്പത്തിക സേവനങ്ങളും വായ്പകളും പ്രയോജനപ്പെടുത്താൻ സംരംഭകരെ പ്രാപ്തരാക്കുകയാണ് ഇതിൻറെ ലക്ഷ്യം.വനിതാ സംരംഭകർക്കു പിന്തുണ നൽകാനായി നീതി ആയോഗിൻറെ ആഭിമുഖ്യത്തിൽ ആരംഭിച്ച പൊതുസ്വകാര്യ സഹകരണത്തോടെയുള്ള ഉദ്യമമാണ് വിമൺ എൻറർപ്രൊണർഷിപ്പ് പ്രോഗ്രാം. സെഹേർ പദ്ധതിയുടെ ഉദ്ഘാടനം വിമൻ എൻറർപ്രണർഷിപ് പ്ലാറ്റ്ഫോം മിഷൻ ഡയറക്ടറും നിതി ആയോഗ് പ്രിൻസിപ്പൽ സാമ്പത്തിക ഉപദേഷ്ടാവുമായ അന്ന റോയ് ഉദ്ഘാടനം ചെയ്തു.

ചെറുകിട സംരംഭങ്ങളുടെ വളർച്ചയിൽ സാമ്പത്തിക ബോധവൽക്കരണത്തിന് നിർണായക പങ്കാണു വഹിക്കാനുള്ളതെന്ന് അന്ന റോയ് പറഞ്ഞു.വായ്പാ ലഭ്യത, വായ്പകളെ കുറിച്ചുള്ള അവബോധം എന്നിവയുമായി നേരിട്ടു ബന്ധപ്പെട്ടാണ് ബിസിനസ് വളരുന്നതെന്ന് ട്രാൻസ്യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു.

# ഓറഞ്ച് ബുക്ക് പ്രകാരമുള്ള മുന്നൊരുക്ക നടപടികൾ വകുപ്പുകൾ സ്വീകരിക്കണം : മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഓറഞ്ച് ബുക്ക് പ്രകാരമുള്ള മുന്നൊരുക്ക നടപടികൾ അതത് വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചേർന്ന യോഗത്തിലാണ് തീരുമാനം.

മഴക്കാല മുന്നൊരുക്ക യോഗത്തിൻറെ തീരുമാനപ്രകാരം ഇതിനകം നടപ്പാക്കിയ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ അവലോകനം ചെയ്യണം. ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേരണം. ദുരന്ത സാധ്യതകൂടുതലുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വിഭവസമാഹരണ കേന്ദ്രങ്ങൾ സജ്ജീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരത്തെ നിർദ്ദേശം നൽകിയിരുന്നു. കെട്ടിടം കണ്ടെത്തുകയും രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ ഉറപ്പാക്കുകയും വേണം. മഴമൂലം അപകടമുണ്ടായാൽ നടത്തേണ്ട തയ്യാറെടുപ്പ് മുൻകൂട്ടി തീരുമാനിക്കണം.

ദുരിതബാധിതരെ താമസിപ്പിക്കാനായി സംഘടിപ്പിക്കുന്ന ക്യാംപുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം. മലവെള്ളപ്പാച്ചിൽ സംഭവിക്കാൻ ഇടയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കുകയും വേണം. സ്കൂളുകളുടെ ചുറ്റുമതിൽ, മേൽക്കൂര, സമീപത്തുള്ള മരങ്ങൾ എന്നിവ അപകടാവസ്ഥയിൽ അല്ലെന്ന് ഉറപ്പാക്കണം. ദുരന്തഘട്ടങ്ങളിൽ ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കണം. സ്വകാര്യ ആശുപത്രികളെക്കൂടി ദുരന്തനിവാരണ പ്ലാനിൻറെ ഭാഗമാക്കണം. സാംക്രമിക രോഗങ്ങൾ തടയാൻ നടപടി ത്വരിതപ്പെടുത്തണം. ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കണം, വെള്ളം ക്ലോറിനേറ്റ് ചെയ്യാനും ശ്രദ്ധിക്കണം. പാമ്പ് കടി കൂടുതലാകൻ സാധ്യതയുള്ളതിനാൽ ആവശ്യമായ പ്രതിരോധ മരുന്നുകൾ ആശുപത്രികളിൽ സജീകരിക്കണം. പാമ്പ് കടിക്ക് ചികിത്സ ലഭ്യമാകുന്ന ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കണം.

രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ സംഘടിപ്പിക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും 1 ലക്ഷം രൂപയും നഗ രസഭയ്ക്ക് 3 ലക്ഷം രൂപയും കോർപ്പറേഷന് 5 ലക്ഷം രൂപയും അനുവദനീയമാണ്. ക്യാമ്പുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും 1 ലക്ഷം രൂപയും നഗരസ ഭയ്ക്ക് 2 ലക്ഷം രൂപയും കോർപ്പറേഷന് 5 ലക്ഷം രൂപയും ഉപയോഗിക്കാവുന്നതാണ്. ബണ്ട് സംരക്ഷണം, തീരത്തെ വീട് സംരക്ഷണം എന്നിവയ്ക്കായി മണൽ നിറച്ച കയർ ചാക്കുകൾ, ജിയോ ട്യൂബുകൾ, മണൽ ബണ്ടുകൾ, പ്രാദേശികമായി ലഭ്യമാകുന്ന മറ്റ് വിഭവങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ബണ്ടുകൾ എന്നിവയ്ക്കായി ഓരോ ഗ്രാമപഞ്ചായത്തിനും 4 ലക്ഷം രൂപയും നഗരസഭയ്ക്ക് 5 ലക്ഷം രൂപയും കോർപ്പറേഷന് 7 ലക്ഷം രൂപയും അനുവദനീയമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ഫണ്ട് പ്രയോ ജനപ്പെടുത്തി അനിവാര്യമായ സജ്ജീകരണങ്ങൾ ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ മന്ത്രിമാരായ കെ. രാജൻ, വി ശിവൻകുട്ടി, ആർ ബിന്ദു, എ കെ ശശീന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വേണു വി, കേന്ദ്ര സേനാ പ്രതിനിധികൾ, ദുരന്തനിവാരണ സെക്രട്ടറി ടിങ്കു ബിസ്വാൾ, മെമ്പർ സെക്രട്ടറി ശേഖർ കുര്യക്കോസ്, ജില്ലാ കളക്ടർമാർ തുങ്ങിയവർ പങ്കെടുത്തു.



## കനാൽ നവീകരണ പദ്ധതികൾക്ക് തുടക്കം

# സിയാലിന്റേത് ചുറ്റുവട്ടത്തെ ചേർത്ത് പിടിച്ചുള്ള വികസനം: പി. രാജീവ്

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ) ചരിത്രത്തിലെ ഏറ്റവും മികച്ച പുരോഗതിയിലൂടെയാണ് കടന്ന് പോകുന്നതെന്നും ചുറ്റുവട്ടത്തെ ചേർത്ത് പിടിച്ചുള്ള വികസനമാണ് സിയാലിന്റേതെന്നും മന്ത്രി പി. രാജീവ് പറഞ്ഞു. പെരിയാറുമായി ബന്ധപ്പെട്ട വിവിധ കനാലുകളിലെ 24 കിലോമീറ്ററോളം ഭാഗത്തെപുനരുജ്ജീവനം ഉൾപ്പെടെ, 11 കോടി രൂപയുടെ വികസന പദ്ധതികൾ കൊച്ചി വിമാനത്താവളത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2018ലെ പ്രളയത്തിന് ശേഷം അടിസ്ഥാന സൗകര്യ വികസന നയങ്ങൾക്ക് മാറ്റം വന്നിട്ടുണ്ട്. നീരൊഴുക്ക് സുഗമമാക്കാനുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി. സിയാലും ഈ ഉദ്യമത്തിൽ പങ്കു ചേർന്നിട്ടുണ്ട്. വിമാനത്താവളവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും ക്ഷേമത്തിനായി വിവിധ പദ്ധതികൾ ഡയറക്ടർ ബോർഡ് ആസൂത്രണം ചെയ്തിട്ടുണ്ട്. ചുമട്ട് തൊഴിലാളികൾക്കായി സൊസൈറ്റി രൂപവത്കരിച്ചു. വിമാനത്താവളത്തിനായി വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് ശാശ്വതമായ പുനരധിവാസം ആസൂത്രണം ചെയ്തു വരുന്നു. അകപ്പറമ്പിൽ മേൽപാലം നിർമിച്ചു നൽകുന്നത് പരിഗണനയിലാണെന്ന് മന്ത്രി പറഞ്ഞു. ചാലക്കുടി എം.പി ബെന്നി ബഹനാൻ, ആലുവ എം.എൽ.എ അൻവർ സാദത്ത്, അങ്കമാലി എം.എൽ.എ. റോജി എം. ജോൺ, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി. സുനിൽ,സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്,സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി എന്നിവർ സംസാരിച്ചു. അങ്കമാലി നഗരസഭാ ചെയർമാൻ മാത്യു തോമസ്, ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി. എം ഷംസുദ്ദീൻ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജി ബിജു, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയ മുരളീധരൻ എന്നിവർ പങ്കെടുത്തു.

# പുതിയ ക്യാംപയിനുമായി ഭക്ഷ്യ എണ്ണ ബ്രാൻഡ് സൺപ്യൂർ




**കൊച്ചി:** ദക്ഷിണേന്ത്യയിലെ പ്രമുഖ ഭക്ഷ്യഎണ്ണ ബ്രാൻഡായ സൺപ്യൂർ അതിന്റെ പതാകവാഹക ബ്രാൻഡായ സൺപ്യൂർ സൺഫ്ളവർ ഓയിലിൽ പുതിയ ക്യാമ്പെയ്നുമായെത്തി. 30YearsOf-PurtiyandHealth എന്ന പുതിയ ക്യാമ്പെയ്നിൽ മാസ്റ്റർഷെഫ് ഇന്ത്യാ സീസൺ 8ലെ വിജയി മുഹമ്മദ് ആഷിഖ്, കന്നഡ താരം മേഘ എന്നിവരെയാണ് അണിനിരത്തിയിരിക്കുന്നത്. മലയാളം ഉൾപ്പെടെ ആറ് ഭാഷയിലെത്തുന്ന ക്യാമ്പെയ്ൻ ംംം.ൃ്യെിുൗൃല.ശി എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

ഫിൽറ്റേഡ് വെളിച്ചെണ്ണ, തവിടെണ്ണ, സുഗന്ധദ്രവ്യങ്ങൾ, പഞ്ചസാര, ആട്ട തുടങ്ങിയവയാണ് എംകെ അഗ്രോടെകിന്റെ ഭാഗമായ സൺപ്യൂർ ബ്രാൻഡിലെ മറ്റുൽപ്പന്നങ്ങൾ. 1970ൽ കർണാടകത്തിലെ മാണ്ഡ്യയിൽ പ്രവർത്തനമാരംഭിച്ച കമ്പനിയിലിപ്പോൾ 1000ലേറെപ്പേർ ജോലി ചെയ്യുന്നുണ്ട്. വാർഷിക ടേണോവർ 3500 കോടി രൂപയ്ക്കടുത്ത്. കർണാടക, കേരളം, ആന്ധ്ര, തെലങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര, ഗോവ, ഒഡീഷ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലാണ് വിപണനമെന്ന് എം കെ അഗ്രോടെക് സിഒഒ ശ്രീധർ വൈദ്യനാഥൻ പറഞ്ഞു.

# ഐ. ടി. ഐ കോഴ്സ് : ജൂലൈ 12 വരെ അപേക്ഷിക്കാം

**ഇടുക്കി:** വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ. ടി. ഐ കളിൽ റഗുലർ സ്കീമിലുള്ള വിവിധ ട്രേഡുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.tiadmissions.kerala.gov.in എന്ന പോർട്ടൽ വഴിയും റലസേല്യമഹമ.ഴീ.ശി എന്ന വെബ് സൈറ്റിൽ ഉള്ള ലിങ്ക് മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനോപ്പം രേഖകളുടെ ഒറിജിനലുകൾ സഹിതം സമീപത്തെ സർക്കാർ ഐ.ടി.ഐ ൽ എത്തി ജൂലൈ 16 ന് മുൻപ് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തിയാക്കണം.എസ് എസ് എൽ സി തോറ്റവർക്കും, ജയിച്ചവർക്കും, തത്തുല്യ യോഗ്യതയുള്ളവർക്കും അനുയോജ്യമായ ട്രേഡുകളിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഫീസ് 100 രൂപ. കൂടുതൽ വിവരങ്ങൾക്ക് 04868272216



സൊസൈറ്റി ടുഡേ
SOCIETY TODAY

# ജില്ലയിലെ 7 സഹകരണ സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡ്

**കൊച്ചി:** അന്താരാഷ്ട്ര സഹകരണ ദിനത്തോടനുബന്ധിച്ച്, സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് 202223 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി സഹകരണവകുപ്പ് അവാർഡുകൾ പ്രഖ്യാപിച്ചു. സഹകരണ വകുപ്പ് തലങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായുള്ള പരിശോധനയിലൂടെയാണ് മികച്ച സംഘങ്ങളെ തിരഞ്ഞെടുത്തത്.

എറണാകുളം ജില്ലയിലെ 7 സഹകരണ സംഘങ്ങൾ സംസ്ഥാനതലത്തിൽ അവാർഡിനർഹരായി. സംസ്ഥാനത്തെ മികച്ച അർബൻ ബാങ്കായി തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ സഹകരണബാങ്കിനെയും മികച്ച പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കായി കണയന്നൂർ കാർഷിക ഗ്രാമ വികസന ബാങ്കിനെയും തിരഞ്ഞെടുത്തു.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിഭാഗത്തിൽ എളങ്കുന്നപ്പുഴ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘം രണ്ടാം സ്ഥാനം നേടിയപ്പോൾ പലവക സഹകരണസംഘങ്ങളുടെ വിഭാഗത്തിൽ കർത്തേടം റൂറൽ സഹകരണ സംഘവും, കേരള പോലീസ് ഹൗസിംഗ് സഹകരണസംഘവും രണ്ടാം സ്ഥാനം പങ്കിട്ടു. ഇതേ വിഭാഗത്തിൽത്തന്നെ കൊച്ചിൻ നേവൽ ബേസ് കൺസ്യൂമർ സഹകരണ സംഘത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. എംപ്ലോയിസ് സഹകരണ സംഘങ്ങളുടെ വിഭാഗത്തിൽ എറണാകുളം ജില്ലാ പോലീസ് ക്രഡിറ്റ് സഹകരണ സംഘത്തിന് മൂന്നാം സ്ഥാനം ലഭ്യമായി.

20042005 വർഷം മുതൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കണയന്നൂർ കാർഷിക ഗ്രാമ വികസന ബാങ്കിന് തുടർച്ചയായി മൂന്നാം വർഷമാണ് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നത്. കേരളത്തിൽ നിലവിലുള്ള അർബൻ ബാങ്കുകളിൽ 1000 കോടി രൂപയ്ക്ക് മുകളിൽ ആസ്തിമൂല്യമുള്ള 4 അർബൻ ബാങ്കുകളിൽ ഒന്നാണ് വിദേശ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള റിസർവ് ബാങ്ക് ലൈസൻസ് ലഭിച്ചിട്ടുള്ള തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ ബാങ്ക്.

സഹകരണ മേഖല പോയ വർഷം അഭിമുഖീകരിച്ച വെല്ലുവിളികൾക്കിടയിലും നടത്തിയ മികവാർന്ന പ്രവർത്തനമാണ് എറണാകുളം ജില്ലയിലെ സംഘങ്ങളെ സംസ്ഥാനതല അവാർഡുകൾക്ക് അർഹരാക്കിയത്. വൈവിധ്യവൽക്കരണത്തിലൂടെയും സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംസ്കരണത്തിലൂടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിലൂടെയും എറണാകുളം ജില്ലയിലെ സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് മാതൃകാ പ്രവർത്തനം നടത്തിയ വർഷം കൂടിയാണ് കടന്നു പോയത്.




# മോട്ടറോള റേസർ 50 അൾട്രാ പുറത്തിറക്കി

**കൊച്ചി:** മടക്കാവുന്ന സ്മാർട്ട്ഫോണുകളിലെ ഏറ്റവും നൂതനമായ റേസർ 50 അൾട്രാ പുറത്തിറക്കി മോട്ടോറോള. മറ്റ് ഫ് ളിപ്പ് ഫോണുകളേക്കാളും വലുതും ഇന്റലിജന്റുമായ എക്സ്റ്റേർണൽ ഡിസ്പ്ലേയുമടക്കം ധാരാളം ഫീച്ചറുകൾ വരുന്നതാണ് റേസർ 50 അൾട്രാ. വ്യക്തിഗത എഐ അസ്സിസ്റ്റന്റായ ഗൂഗിളിന്റെ ജെമിനി എക്സ്റ്റേർണൽ ഡിസ്പ്ലേയിൽ നിന്ന് നേരിട്ട് ഉപയോഗിക്കാനാകും. ഒപ്പം, മോട്ടോറോള റേസർ 50 അൾട്രാ ഉപയോക്താക്കൾക്ക് 3 മാസത്തേക്ക് ജെമിനി അഡ്വാൻസ്ഡ് ഉപയോഗിക്കാനുമാകും. 4.0‘ എക്സ്റ്റേണൽ ഡിസ്പ്ലേ, 165ഹേർട്സ് റിഫ്രഷ് റേറ്റ്, 6.9 ഇഞ്ച് ഇന്റേണൽ ഡിസ്പ്ലേ, ഐപിഎക്സ്8 റേറ്റഡ് അണ്ടർവാട്ടർ പ്രൊട്ടക്ഷൻ, ആക്ഷൻ ഷോട്ട്, ഫോട്ടോ എൻഹാൻസ്മെന്റ് പോലുള്ളവ വരുന്ന എഐ ക്യാമറ എന്നീ പ്രത്യേകതകളുണ്ട്.9,999 രൂപ വിലയുള്ള മോട്ടോ ബഡ്സ്+ സഹിതമാണ് ഫോൺ ബോക്സ് വരുന്നത്. 12ജിബി റാം 512ജിബി സ്റ്റോറേജ് വേരിയന്റിൽ മിഡ്നൈറ്റ് ബ്ലൂ, സ്പ്രിംഗ് ഗ്രീൻ, പീച്ച് ഫസ് എന്നീ 3 നിറങ്ങളിൽ ലഭ്യമാണ്. ജൂലൈ 20 മുതൽ വിൽപ്പനയ്ക്കെത്തുന്ന റേസർ 50 അൾട്രാ ജൂലൈ 10 മുതൽ ആമസോൺ, റിലയൻസ് ഡിജിറ്റൽ, മോട്ടറോള.ഇൻ എന്നിവയിലും പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും പ്രീറിസർവ് ചെയ്യാനുമാകും. 99,999 രൂപയാണ് ലോഞ്ച് വില. പരിമിത കാലയളവിൽ ഏർലി ബേഡ് ഓഫറായി 94,999 രൂപയ്കും ബാങ്ക് ഓഫർ ഉൾപ്പെടെ 89,999 രൂപയ്കും ലഭ്യമാകും.

# മൈഐടിറിട്ടേൺ ആപ്പുമായി സ്കോറിഡോവ്

**കൊച്ചി:** ആദായ നികുതി റിട്ടേൺ ഫയലിങ് ലളിതവും അനായാസവുമാക്കാൻ മൈഐടിറിട്ടേൺ മൊബൈൽ അപ്ലിക്കേഷൻ എത്തി. പേപ്പർ രേഖകൾ അപ്ലോഡ് ചെയ്യാതെ, സ്മാർട്ഫോണിലൂടെ നേരിട്ട് എവിടെ നിന്നും അനായാസം ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യാൻ സൗകര്യമുള്ള ആദ്യ മൊബൈൽ ആപ്പാണിത്. മൈഐടിറിട്ടേൺ ഡോട്ട് കോം എന്ന നൂതന നികുതി സേവന പോർട്ടൽ അവതരിപ്പിച്ച സ്കോറിഡോവ് ആണ് മൈഐടിറിട്ടേൺ മൊബൈൽ ആപ്പും അവതരിപ്പിച്ചത്. ഈ ആപ്പ് ഐടി റിട്ടേൺ ഫയലിംഗ് പ്രക്രിയ കാര്യക്ഷമവും ലളിതവുമാക്കുന്നു. മാത്രമല്ല, വേഗത്തിൽ ഫയലിംഗ് പൂർത്തിയാക്കാനും കഴിയും.അർഹമായ റീഫണ്ട് പരമാവധി ഉറപ്പു വരുത്തി, യൂസർമാരുടെ വിവരങ്ങൾ സുരക്ഷിതമാക്കി, ഐടി റിട്ടേൺ പ്രക്രിയ പൂർണമായും ലളിതവൽക്കരിക്കുകയാണ് ഞങ്ങൾ ചെയ്തിരിക്കുന്നത്. ഭാവിയിൽ ഇന്ത്യക്കാരുടെ ആദായ നികുതി റിട്ടേൺ ഫയലിംഗിനോടുള്ള സമീപനത്തിൽ കാതലായ മാറ്റമുണ്ടാക്കാൻ ഈ ആപ്പിനു കഴിയുമെന്നാണ് വിശ്വാസം, സ്കോറിഡോവ് സ്ഥാപകൻ സാകർ യാദവ് പറഞ്ഞു.മികച്ച നികുതി സേവനങ്ങൾ എല്ലാവർക്കും താങ്ങാവുന്ന കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയാണ് ഈ ആപ്പിന്റെ ലക്ഷ്യമെന്ന് സാകർ യാദവ് പറഞ്ഞു. ഇതു പരിഗണിച്ചാണ് വെറും 99 രൂപയ്ക്ക് ഈ സേവനം നൽകുന്നത്. നികുതിദായകരുടെമേലുള്ള അനാവശ്യ സാമ്പത്തിക ബാധ്യതകൾ ഒഴിവാക്കി മികച്ച സേവനം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## കുസാറ്റിലേക്ക് വിദേശ വിദ്യാർത്ഥികളുടെ ഒഴുക്ക്

# ഇതുവരെ 1,600 നോടടുത്ത് വിദേശ വിദ്യാർത്ഥികളുടെ അപേക്ഷകൾ

**കൊച്ചി;** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) വർദ്ധിച്ചുവരുന്ന ആഗോള പ്രശസ്തിയും മികവുറ്റ വിദ്യാഭ്യാസ അവസരങ്ങളും അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റുകയാണ്.202425 അദ്ധ്യയന വർഷത്തിൽ വിദേശത്തു നിന്നുള്ള അപേക്ഷകളിൽ ഗണ്യമായ വർദ്ധനവിനാണ് സർവകലാശാല സാക്ഷ്യം വഹിക്കുന്നത്.

202425 അക്കാദമിക പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷകൾ കുസാറ്റിലെ സർവകാല റെക്കോർഡായ 1,590 ലേക്കെത്തിയിരിക്കുകയാണ്. 2021 മുതൽ, സർവകലാശാലയിലെ വിവിധ അക്കാദമിക പ്രോഗ്രാമുകളിൽ ചേരുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ സർവകലാശാല ശ്രദ്ധേയമായ മുന്നേറ്റമാണ് കൈവരിച്ചിട്ടുള്ളത്.

വിദേശ വിദ്യാർത്ഥികൾക്ക് സൌജന്യ വിദ്യാഭ്യാസവും താമസവും ഉറപ്പാക്കുന്ന ഇന്ത്യൻ കൌൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് നൽകുന്ന സ്കോളർഷിപ്പുകൾക്കാണ് ഭൂരിഭാഗം വിദ്യാർത്ഥികളും അപേക്ഷിക്കുന്നത്. ഐസിസിആർ വഴി 2021ൽ 603 അപേക്ഷകളും 2022ൽ 800 ഉം 2023ൽ 1,100 ഉം അപേക്ഷകളുമാണ് കുസാറ്റിന് ലഭിച്ചത്. ഈ വർഷം ഇത് 1,410 ആയി ഉയർന്നു. അടുത്തിടെ അവതരിപ്പിച്ച 'സ്റ്റഡി ഇൻ ഇന്ത്യ' പ്രോഗ്രാമിലൂടെ ലഭിച്ച 180 അപേക്ഷകൾക്കൊപ്പം, ഇതുവരെ ലഭിച്ച അന്താരാഷ്ട്ര അപേക്ഷകളുടെ എണ്ണം 1,590 ആയി.

2014 ൽ ആരംഭിച്ച എസ്ഐഐ പ്രോഗ്രാമിന് കീഴിൽ, സർവകലാശാലയിലെ പഠന കാലയളവിൽ, വിദേശ വിദ്യാർത്ഥികൾക്ക് 50% സ്കോളർഷിപ്പ് കുസാറ്റ് നൽകും.



ഈ വർഷം കെനിയ, ഉഗാണ്ട, അംഗോള, ഇറാഖ്, നേപ്പാൾ, ശ്രീലങ്ക, ബംഗ്ലാദേശ്, ടോഗോ, എതത്യോപ്യ, സിയറ ലിയോൺ, ബോട്സ്വാന, സിറിയ, നൈജീരിയ, ലെസോത്തോ, തുർക്ക്മെനിസ്ഥാൻ, മലാവി, സുഡാൻ, റുവാണ്ട, ഗാംബിയ, സോളമൻ ഐലൻഡ്സ് യുഎസ്, ബഹ്റൈൻ, യുഎഇ, കാനഡ, മലേഷ്യ, മാലദ്വീപ്, ഇറാഖ്, നേപ്പാൾ, ബംഗ്ലാദേശ്, ശ്രീലങ്ക എന്നിവയുൾപ്പെടെ 40 രാജ്യങ്ങളിൽ നിന്ന് കുസാറ്റിന് അപേക്ഷകൾ ലഭിച്ചു.ബി.ടെക്ക് കമ്പ്യൂട്ടർ സയൻസിനാണ് ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത്. സാങ്കേതികവിദ്യയിലും കമ്പ്യൂട്ടിംഗിലും വിദഗ്ധ പരിശീലനം നേടുന്നതിന് കുസാറ്റ് തിരഞ്ഞെടുക്കുന്നത് ഒട്ടേറെ പേരാണ്.

എസ്ഐഐ പ്രോഗ്രാമിലൂടെ ലഭിച്ച 180 അപേക്ഷകളിൽ 80 അപേക്ഷകൾ ബി.ടെക്ക് കമ്പ്യൂട്ടർ സയൻസിന് മാത്രമാണ്. അത്യാധുനിക സാങ്കേതിക വിദ്യാഭ്യാസത്തിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികളെ ആകർഷിക്കുന്നതിൽ കുസാറ്റിലെ ഈ പ്രോഗ്രാമിനായിട്ടുണ്ട്. കൂടാതെ, ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ വിദ്യാർത്ഥികളിൽ നിന്നുള്ള അപേക്ഷകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്, സ്വന്തം രാജ്യത്ത് വിദ്യാഭ്യാസ അവസരങ്ങൾ തേടുന്ന ഇന്ത്യൻ പ്രവാസികൾക്കിടയിൽ കുസാറ്റിൻറെ വർദ്ധിച്ചുവരുന്ന പ്രശസ്തിയുടെ തെളിവാണിത്.

നിലവിൽ അഫ്ഗാനിസ്ഥാൻ, യുഎസ്എ, മാലിദ്വീപ്, ശ്രീലങ്ക, പോളണ്ട്, തുർക്ക്മെനിസ്ഥാൻ, പാപുവ ന്യൂ ഗിനിയ, താജിക്കിസ്ഥാൻ, കെനിയ, ബോട്സ്വാന, അംഗോള, അയർലൻഡ്, സാംബിയ, കൊമോറോസ്, ടാൻസാനിയ, സുഡാൻ, നേപ്പാൾ, യെമൻ, ബുറുണ്ടി, മൊസാംബിക്, ദക്ഷിണ സുഡാൻ, സിറിയ, റുവാണ്ട, മലേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് സർവകലാശാലയിൽ പഠിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെ സ്പേസ് വി.എസ്.എസ്.സി ധാരണാപത്രം ഒപ്പിട്ടു

**തിരുവനന്തപുരം:** കേരള സ്പേസ് പാർക്കും (കെ സ്പേസ്) വിക്രം സാരാഭായ് സ്പേസ് സെന്ററും (വി.എസ്.എസ്.സി) തമ്മിലുള്ള ധാരണാപത്രം (എംഒയു) മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഒപ്പു വെച്ചു.

പുത്തൻ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ സ്പേസ് പാർക്ക് സഹായകരമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഐ എസ് ആർ ഒയും കെ സ്പേസും തമ്മിലുള്ള സഹകരണത്തിലൂടെ ഇത് സാധ്യമാക്കാനാകട്ടെയെന്നും മുഖ്യമന്ത്രി പറഞ്ഞു. സ്പേസ് സാങ്കേതിക വിദ്യയുമായ ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് സ്പേസ് പാർക്ക് ഏറെ ഉപകരിക്കുമെന്ന് ഐ എസ് ആർ ഒ ചെയർമാൻ ഡോ. എസ് സോമനാഥ് പറഞ്ഞു. വി എസ് എസ് സിക്ക് അടുത്തുള്ള സ്ഥാപനമെന്ന നിലയിൽ സ്പേസ് പാർക്കിന്റെ സാധ്യത വളരെ വലുതാണെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ബഹിരാകാശ വകുപ്പ് സെക്രട്ടറിയും ഐഎസ്ആർഒ ചെയർമാനുമായ ഡോ. എസ് സോമനാഥ് മുഖ്യാതിഥിയായിരുന്നു. വി.എസ്.എസ്.സി ക്കു വേണ്ടി ഡയറക്ടർ ഡോ. എസ്. ഉണ്ണികൃഷ്ണൻ നായരും കെ സ്പേസിനു വേണ്ടി എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനും ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പ് സെക്രട്ടറിയുമായ ഡോ. രത്തൻ യു കേൽക്കറും ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

ധാരണ പത്രത്തിന്റെ ഭാഗമായി വി.എസ്.എസ്.സി ശാസ്ത്രജ്ഞർ കെ സ്പേസിന്റെ ഭരണ ഉപദേശക സമിതികളിൽ അംഗമായി സ്പേസ് പാർക്കിന്റെ വികസനത്തിനു വേണ്ട മാർഗ്ഗനിർദേശങ്ങളും സാങ്കേതിക ഉപദേശങ്ങളും നൽകും. കെസ്പേസ് ബഹിരാകാശമേഖലയിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് മേഖലയുടെ വികസനത്തിനു വേണ്ട സഹായങ്ങൾ നൽകും. ബഹിരാകാശ മേഖലയ്ക്ക് മികച്ച ഗുണ നിലവാരമുള്ളതും സങ്കീർണവുമായ ഉത്പന്നങ്ങളുടെ നിർമാണത്തിനും സേവനത്തിനുമുള്ള അന്തരീഷം സൃഷ്ടിച്ച് ഇന്ത്യൻ ബഹിരാകാശ മേഖലയുടെ വികസനത്തിന് വേണ്ട ഉത്തേജക ശക്തിയായി പ്രവർത്തിക്കും. നവീന ആശയങ്ങൾ വാണിജ്യവത്ക്കരിക്കാൻ ശേഷിയുള്ള നിക്ഷേപകരുമായി സഹകരിക്കും.

മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി.ദത്തൻ, എൽ.പി.എസ്.സി ഡയറക്ടർ ഡോ. വി.നാരായണൻ, ഐ.ഐ.എസ്.യു ഡയറക്ടർ ഇ.എസ്.പത്മകുമാർ, കേരള സ്പേസ് പാർക്ക് സിഇഒ ജി. ലെവിൻ, വി.എസ്.എസ്.സി യുടെ ചീഫ് കൺട്രോളർ സി.മനോജ്, കേരള സർക്കാരിന്റെയും ഐഎസ്ആർഒയിലെയും മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ ഫയൽ അദാലത്ത് 26ന്;നിവേദനങ്ങൾ 15 വരെ സമർപ്പിക്കാം

**കൊച്ചി:** കേരള വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ജൂലൈ 26ന് എറണാകുളം ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയും വകുപ്പിലെ മറ്റ് ഉന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ 31 122023 ന് മുമ്പുള്ള അധ്യാപക നിയമനം, അപ്രൂവൽ, പെൻഷൻ, വിജിലൻസ് കേസുകൾ, ഭിന്നശേഷി സംവരണം എന്നിവ സംബന്ധിച്ചുള്ള വിഷയങ്ങളിൽ പരാതിക്കാർക്ക് നേരിട്ടോ തപാൽ മുഖേനയോ ജൂലൈ 15നകം എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പരാതി സമർപ്പിക്കാമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി.എസ് ദേവിക അറിയിച്ചു.

## ഇന്റർ ഐ.ടി.ഐ ആർട്സ് മീറ്റ് 8 മുതൽ 10 വരെ കളമശ്ശേരി ഐ.ടി.ഐ യിൽ

**കൊച്ചി:** ഈ വർഷത്തെ ഇന്റർ ഐ.ടി.ഐ ആർട്സ് മീറ്റ് ജൂലൈ 8 മുതൽ 10 വരെ കളമശ്ശേരി ഐ.ടി.ഐ യിൽ നടത്തും. 104 ഐ.ടി.ഐ കളിൽ നിന്നായി ആയിരത്തോളം ട്രെയിനികൾ പങ്കെടുക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## കുസാറ്റ്: ദേശീയ ശിൽപശാല സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ. എൻ. ആർ. മാധവ മേനോൻ ഇന്റർ ഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോക്കോൾസിൽ, റിസർച്ച് മെത്തഡോളജി, ടൂൾസ് ആൻഡ് എത്തിക്കൽ പ്രാക്ടീസസ് എന്നിവയെക്കുറിച്ചുള്ള രണ്ട് ദിവസത്തെ ദേശീയ ശിൽപശാല സംഘടിപ്പിച്ചു.

ഐ.ക്യു.എ.സി. കുസാറ്റ് ഡയറക്ടർ പ്രൊഫ. ഡോ. സാം തോമസ്, ഐ. സി. ആർ. ഇ. പി. ഡയറക്ടർ ഡോ. വാണി കേസരി എന്നിവരുടെ സാന്നിധ്യത്തിൽ കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. പി.ജി ശങ്കരൻ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഡോ. പി. ജി. ശങ്കരൻ തന്റെ പ്രസംഗത്തിൽ ഏതൊരു അക്കാദമിക മേഖലയിലും ഗവേഷണ രീതിശാസ്ത്രത്തിന്റെയും ധാർമ്മികതയും വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞു.

ഗവേഷണ ധാർമ്മികത, പ്രസിദ്ധീകരണം, ഗവേഷണ ഉപകരണങ്ങളുടെ ഉപയോഗം എന്നിവയുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള 5 സാങ്കേതിക സെഷനുകൾ ശിൽപശാലയുടെ ഭാഗമായിരുന്നു. കോട്ടയം മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. സി. ടി. അരവിന്ദ് കുമാർ, ഐ. ഐ. ടി മദ്രാസ് പ്രൊഫസർ ഡോ. ശ്രീകുമാർ എൻ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ശാസ്ത്രജ്ഞ ഡോ.ജിസ്സ വി.ടി എന്നിവർ പങ്കെടുത്തു.

ഇന്ത്യയിലുടനീളമുള്ള സർവകലാശാലകളിൽ നിന്നുള്ള 60 ലധികം ഫാക്കൽറ്റികൾ, ഗവേഷണ പണ്ഡിതർ, വിവിധ വിഷയങ്ങളിലെ വിദ്യാർത്ഥികൾ എന്നിവർ ശിൽപശാലയിൽ പങ്കെടുത്തു.

## കുസാറ്റിൽ ബിരുദ സമർപ്പണവും മെറിറ്റ് ഈവനിങ്ങും

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് 202324 അക്കാദമിക വർഷം ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ ബിരുദ സമർപ്പണം ജൂലൈ 12 ന് സെമിനാർ കോംപ്ലക്സിൽ നടക്കും . പി.എച്ച് .ഡി,എം.ടെക്, ബി. ടെക് ബിരുദം കരസ്ഥമാക്കിയ , അറുന്നൂറിൽ പരം വിദ്യാർത്ഥികൾ ചടങ്ങിൽ പങ്കെടുക്കും.മുൻ ഡയറക്ടർ ജനറലും(എയ്റോ സ്പേസ് സിസ്റ്റംസ്ഡി. ആർ.ഡി.ഒ) നിച്ചേ, കന്യാകുമാരി വൈസ് ചാൻസലറും ആയ ഡോ.ടെസ്സി തോമസ് ആണ് ചടങ്ങിലെ മുഖ്യ അതിഥി.സിവിൽ സർവീസ് വിജയികൾ ആയ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെയും ഓരോ ബ്രാഞ്ചിലും ഒന്നാമത് എത്തിയ വിദ്യാർത്ഥികളെയും ചടങ്ങിൽ ആദരിക്കും. സ്ഥല പരിമിതി മൂലം രക്ഷാകർത്താക്കൾക്ക് ചടങ്ങിൽ പ്രവേശനം ഇല്ല.പകരം അവർക്കായി തൽസമയ യൂട്യൂബ് സംപ്രേക്ഷണം ഒരുക്കിയിട്ടുണ്ട്

**അറിയിപ്പുകൾ**

## പ്രോജക്ട് അസിസ്റ്റന്റ് താൽക്കാലിക നിയമനം

**കൊച്ചി:** ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഭൂതത്താൻ കെട്ട് മൾട്ടി സ്പീഷിസ് ഇക്കോഹാച്ചറിയുടെ ദൈനം ദിന പ്രവർത്തനങ്ങൾ നോക്കി നടത്തുന്നതിന് രണ്ട് പ്രോജക്ട് അസിസ്റ്റന്റിനെ ആവശ്യമുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായാകും നിയമനം.

രാത്രിയും പകലും ജോലി ചെയ്യുന്നതിന് സന്നദ്ധരായിരിക്കണം. ഹാച്ചറിയുടെ സമീപ പ്രദേശത്ത് താമസിക്കുവാൻ താല്പര്യമുള്ളവരാകണം. പ്രായം, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും പകർപ്പുകളും സഹിതം ജൂലൈ 9 രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 വരെ ഹൈക്കോടതിക്ക് സമീപമുള്ള ഫിഷറീസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന കൂടിക്കാഴ്ച്ചയ്ക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 0484 2394476

### ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** 2024ലെ ട്രോളിംഗ് നിരോധന കാലയളവിന് ശേഷം കടൽ പട്രോളിംഗിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 2025 ജൂൺ 9 അർദ്ധരാത്രി വരെയുള്ള കാലയളവിലേക്ക് ഒരു യന്ത്രവൽകൃത ബോട്ട് വാടകയ്ക്കു നൽകുന്നതിന് താല്പര്യമുള്ള ബോട്ടുടമകളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ചു.

ക്വട്ടേഷൻ ജൂലൈ 12ന് ഉച്ച കഴിഞ്ഞ് 3നകം വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലെ ഫിഷറീസ് അസി.ഡയറക്ടർക്ക് ലഭിക്കണം. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2502768

### ഗവ. വനിത ഐ ടി ഐ യിൽ അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐ ടി ഐ യിൽ ഓഗസ്റ്റിൽ ആരംഭിക്കുന്ന അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ തുടരുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 12. സമർപ്പിച്ച അപേക്ഷയുമായ് ഏറ്റവും അടുത്തുള്ള സർക്കാർ ഐ.ടി. ഐയിൽ എത്തി വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതിനുള്ള അവസാന തീയതി ജൂലൈ 15. വിശദ വിവരങ്ങൾക്ക് : 0484 2544750.

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ നോർക്ക റൂട്സ് അറ്റസ്റ്റേഷൻ യോഗ്യമായ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മൊബൈൽ ഫോൺ ടെക്നോളജി, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈചെയിൻ മാനേജ്മെന്റ് എന്നീ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളിലേക്കും കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് എഞ്ചിനീയറിംഗ് വിത്ത് ഇഗാഡ്ജെറ്റ് എന്ന ഡിപ്ലോമ കോഴ്സിലേക്കുമാണ് അപേക്ഷ ക്ഷണിച്ചത്.

കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, സാന്റോ കോംപ്ലക്സ്, റെയിൽവേ സ്റ്റേഷൻ റോഡ്, പെട്രോൾ പമ്പ് ജംഗ്ഷൻ, ആലുവ എന്ന വിലാസത്തിലോ 8136802304 എന്ന നമ്പറിലോ ബന്ധപ്പെടാം.

**കൊച്ചി:** കേരള സർക്കാർ സർട്ടിഫിക്കറ്റ് നൽകുന്ന അപ്പർ പ്രൈമറി സ്കൂൾ ഹിന്ദി അധ്യാപക ട്രെയിനിംഗ് യോഗ്യതയായ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയിലുള്ള പ്ലസ് ടു, ഹിന്ദി പ്രചാര സഭകളുടെ അംഗീകൃത ഹിന്ദി കോഴ്സുകളോ ഡിഗ്രിയോ വിജയിച്ചവർക്ക് ചേരാം. പ്രായപരിധി 1735. പട്ടികജാതി, പട്ടികവർഗക്കാർക്കും പിന്നാക്കവിഭാഗക്കാർക്കും സീറ്റ് സംവരണവും ഫീസിളവും ലഭിക്കും.ജൂലൈ 10 ന് വൈകിട്ട് 5നകം പ്രിൻസിപ്പൽ ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ അപേക്ഷിക്കാം. കൂടുതൽ വിവരത്തിന് 8547126028, 04734296496.

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ടീച്ചേഴ്സ് ട്രെയിനിംഗ്, മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ് & ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫയർ & സേഫ്റ്റി എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി പാലക്കാട് മഞ്ഞക്കുളം റോഡിൽ ഉള്ള കെൽട്രോൺ നോളേജ് സെന്ററിൽ നേരിട്ട് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് 04912504599, 8590605273.



# സൈൻ പ്രിന്റിങ് മേഖലയെ സംരക്ഷിക്കണം

**കൊച്ചി:** സൈൻ പ്രിന്റിങ് ഇൻഡസ്ട്രീസ് അസോസിയേഷൻ (എസ്പി ഐ എ)എറണാകുളം ജില്ലാ സമ്മേളനം കലൂർ ഐ എം എ ഹൗസിൽ നടന്നു.ഹൈബി ഈഡൻ എം.പി പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. സൈൻ പ്രിന്റിങ് മേഖല നേരിടുന്ന വെല്ലുവിളികൾ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുമെന്ന് ഹൈബി പറഞ്ഞു.

നഗരത്തിൻറെ വാണിജ്യ നിലവാരം ഉയർത്തുന്നതിൽ സാങ്കേതികവിദ്യകളുടെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.ഡിജിറ്റൽ പ്രിൻറിങ് വന്നതിനു ശേഷം പരസ്യമേഖലയിൽ വലിയ മാറ്റമാണ് ഉണ്ടായതെന്ന് ഹൈബി ചൂണ്ടിക്കാട്ടി. ഒന്നരലക്ഷത്തോളം പേരുടെ ജീവനോപാധിയായ സൈൻ പ്രിൻറിങ് മേഖല സംരക്ഷിക്കപ്പെടണമെന്നും ഹൈബി ഈഡൻ പറഞ്ഞു. മാലിന്യ സംസ്കരണം ഭയാനകമായ പ്രശ്നമായി മാറിയിട്ടുണ്ട്. ഇതിൻറെ ചുവടു പിടിച്ചാണ് സൈൻ പ്രിൻറിങ് മേഖലയ്ക്കെതിരെ പല നിയന്ത്രണങ്ങളും കൊണ്ടുവന്നത്. എന്നാൽ സാങ്കേതിക വിദ്യകൾ വളർന്നു വരുന്ന കാലഘട്ടത്തിൽ വ്യവസായ മേഖലയെ ബാധിക്കാത്ത തരത്തിൽ പരിഹാരമുണ്ടാക്കുകയാണ് വേണ്ടതെന്നും ഹൈബി പറഞ്ഞു. നിയമത്തിനുള്ളിൽ നിന്ന് തന്നെ ഈ മേഖലയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ കൂട്ടായ പരിശ്രമം ഉണ്ടാകണമെന്നും ഹൈബി പറഞ്ഞു.

ടി.ജെ വിനോദ് എം എൽ എ, സംസ്ഥാന പ്രസിഡൻറ് ജോസഫ് പെരുമായൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തി. എസ് പി ഐ എ ജില്ലാ പ്രസിഡൻറ് അലക്സ് മൈക്കിൾ അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡൻറ് അജോ മാത്യു, ജില്ലാ രക്ഷാധികാരി പി.നിസാർ, വ്യവാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ്, കെ എ ഐ എ സംസ്ഥാന ജനറൽ സെക്രട്ടറി രാജേഷ് കുമാർ, ജില്ലാ പ്രസിഡൻറ് എം. ചിത്രപ്രകാശ്,കെ പി എ ജില്ലാ ട്രഷറർ എ.ആർ മനോജ്കുമാർ, എസ് പി ഐ എ സംസ്ഥാന ഉപാധ്യക്ഷൻ സ്റ്റീഫൻ മാടവന, സംസ്ഥാന ജനറൽ സെക്രട്ടറി ജെയ്സൽ പുല്ലാളൂർ, ജില്ലാ ജനറൽ സെക്രട്ടറി പി.വി. ലൈജു, ജില്ലാ ട്രഷറർ ഷെരീഫ് പി ഹസ്സൻ എന്നിവർ സംസാരിച്ചു.

# ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ്: ഒന്നാമനായി മൊഹ്സിൻ പറമ്പൻ



**കൊച്ചി:** ചെന്നൈയിലെ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിൻറെ രണ്ടാം റൗണ്ടിലെ ആദ്യ റേസിലും പ്രകടന മികവ് തുടർന്ന് ഹോണ്ട റേസിംഗ് ഇന്ത്യ ടീം. ശനിയാഴ്ച നടന്ന എൻഎസ്എഫ്250ആർ വിഭാഗം ആദ്യ റേസിൽ മലയാളി താരം മൊഹ്സിൻ പറമ്പൻ ഒന്നാമതെത്തി. മൊഹ്സിന് പിന്നാലെ പ്രകാശ് കാമത്ത് രണ്ടാം സ്ഥാനവും എ.എസ് ജെയിംസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.ആറ് ലാപ്പ് റേസിൽ തൻറെ ആധിപത്യം തെളിയിച്ചാണ് 22കാരനായ മൊഹ്സിൻ 11:24.301 എന്ന മൊത്തം റേസ് സമയത്തിൽ ഫിനിഷിംഗ് ലൈൻ മറികടന്നത്. ഓരോ ലാപ്പിലും കൃത്യമായ ലീഡ് നിലനിർത്തിയ മൊഹ്സിൻറെ അർപ്പണബോധത്തിൻറെയും അചഞ്ചലമായ പ്രതിബദ്ധതയുടെയും തെളിവായി അദ്ദേഹത്തിൻറെ വിജയം. മലപ്പുറം സ്വദേശിയാണ് മൊഹ്സിൻ.

ബെംഗളൂരിൽ നിന്നുള്ള നിന്നുള്ള പ്രകാശ് കാമത്ത് 11:26.095 സമയത്തിലാണ് റണ്ണർഅപ്പ് സ്ഥാനം ഉറപ്പിച്ചത്. ബെംഗളൂരിൻറെ തന്നെ 22കാരനായ എ.എസ് ജെയിംസ് 11:26.708 എന്ന മികച്ച റേസ് സമയത്തോടെ മൂന്നാം സ്ഥാനം സ്വന്തമാക്കി. ഹൈദരാബാദിൽ നിന്നുള്ള 19കാരനായ ബീദാനി രാജേന്ദറിന് ഒന്നാം ലാപ്പിൽ കൂട്ടയിടി കാരണം ഓട്ടം പൂർത്തിയാക്കാനായില്ല.

# കോവിഡ് ക്ലെയിം നിരസിച്ചു ; ഇൻഷുറൻസ് കമ്പനി 2.85 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണം: ഉപഭോക്തൃ തർക്ക പരിഹാര കോടതി

**കൊച്ചി:** കോവിഡ് ബാധിച്ചതായി കണ്ടെത്തുകയും 72 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ കിടക്കുകയും ചെയ്തിട്ടും ഇൻഷുറൻസ് തുക നൽകാത്ത ഇൻഷുറൻസ് കമ്പനി രണ്ടരലക്ഷം രൂപ ഇൻഷുറൻസ് ക്ലെയിമും 35,000 രൂപ നഷ്ടപരിഹാരവും പരാതിക്കാരന് നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി.

എറണാകുളം അങ്കമാലി സ്വദേശി ജോജോ ജി എം സമർപ്പിച്ച പരാതിയിലാണ് കോടതിയുടെ ഉത്തരവ്പരാതിക്കാരനും കുടുംബവും 10 വർഷമായി ആരോഗ്യ ഇൻഷുറൻസ് എടുത്തവരാണ്. കൂടാതെ, 2020ൽ കൊറോണ രക്ഷക്ക് പോളിസിയിലും ചേർന്നു.കോവിഡ് പോസിറ്റീവ് ആകുകയും 72 മണിക്കൂർ ആശുപത്രിയിൽ കിടക്കുകയും ചെയ്താൽ രണ്ടര ലക്ഷം രൂപ ഇൻഷുറൻസ് തുക ലഭിക്കും എന്നതായിരുന്നു ഇൻഷുറൻസ് കമ്പനിയുടെ വാഗ്ദാനം.

2021 ഏപ്രിൽ മാസത്തിൽ പരാതിക്കാരൻ കോവിഡ് പോസിറ്റീവായ, ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പോളിസി തുകയ്ക്കായി നൽകിയ അപേക്ഷ ചില സാങ്കേതിക കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇൻഷുറൻസ് കമ്പനി നിരാകരിച്ചു.തുടർന്നാണ് പരാതിക്കാരനും ഭാര്യയും ഇൻഷുറൻസ് ഓംബുഡ്സ്മാന് പരാതി നൽകിയത് .ഭാര്യയുടെ ഇൻഷുറൻസ് ക്ലെയിം രണ്ടര ലക്ഷം രൂപ ഇൻഷുറൻസ് ഓംബുഡ്സ്മാൻ അനുവദിച്ചുവെങ്കിലും പരാതിക്കാരന്റെ തുക അനുവദിക്കാൻ തയ്യാറായില്ല. തുടർന്നാണ് എറണാകുളം ജില്ല ഉപഭോക്തൃ കോടതിയെ സമീപിച്ചത്. ഇൻഷുറൻസ് കമ്പനിയുടെ നിബന്ധന അനുസരിച്ച് 72 മണിക്കൂറെങ്കിലും ആശുപത്രിയിൽ കിടക്കണം എന്നാണ് പരാതിക്കാരൻ ഏഴ് ദിവസം ആശുപത്രിയിൽ കിടന്നു.കർക്കശമായ നിബന്ധനകൾ നിലവിലുള്ളതിനാൽ പിന്നീട് ഡിസ്ചാർജ് ചെയ്ത് വീട്ടിലെത്തുകയായിരുന്നു.ഇൻഷുറൻസ് കമ്പനിയുടെ നിബന്ധനകൾ എല്ലാം പാലിച്ച പരാതിക്കാരന് കമ്പനി വാഗ്ദാനം ചെയ്ത പോലെ ഇൻഷുറൻസ് ലഭിക്കാൻ അവകാശമുണ്ടെന്ന് ഡി.ബി. ബിനു പ്രസിഡന്റ് ,വി രാമചന്ദ്രൻ, ടി.എൻ. ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി കണ്ടെത്തി.45 ദിവസത്തിനകം ഇൻഷുറൻസ് തുകയായ 2.5 ലക്ഷം രൂപയും 25,000 രൂപ നഷ്ടപരിഹാരവും 10,000 രൂപ കോടതി ചെലവു ഇൻഷുറൻസ് കമ്പനി പരാതിക്കാരന് നൽകണമെന്ന് കോടതി നിർദേശിച്ചു.

# സേവനങ്ങൾ തടസ്സപ്പെടും

രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾക്കായി ഉപയോഗിക്കുന്ന https://pearl.registration.kerala.gov.in വെബ് പോർട്ടലിൽ ജൂലൈ 13 മുതൽ 16 വരെ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ തടസപ്പെടും. ഓഫീസ് പ്രവൃത്തി ദിനമായ ജൂലൈ 15 ന് സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ തടസപ്പെടുമെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചു. ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾക്കായുള്ള തീയതിയും സമയക്രമവും മറ്റൊരു ദിവസത്തേക്ക് മാറ്റി നൽകിക്കൊണ്ട് പൊതുജനങ്ങൾ സഹകരിക്കണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭ്യർത്ഥിച്ചു.

